**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5218** **04-07-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ഭൂമിക്കായി സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് വഴി ഭൂമിക്കായി ഏതൊക്കെ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ സബ് രജിസ്ട്രാർ ഓഫീസിനായി ഭൂമി കൈമാറ്റ അപേക്ഷയും ആലത്തൂർ സബ് ട്രഷറി ഓഫീസിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായുള്ള അപേക്ഷയും ലഭിച്ചിരുന്നു.<br><br>ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിന് പഴയ ആലത്തൂർ വില്ലേജ് ഓഫീസ് കെട്ടിടം നിലനിന്നിരുന്ന ഭൂമി ലഭ്യമാക്കാനാണ് അപേക്ഷ ലഭിച്ചത്.എന്നാൽ ടി കെട്ടിടം നിലവിൽ ആലത്തൂർ താലൂക്ക് ഓഫീസിന്റെ ഇലക്ഷൻ , സർവ്വേ വിഭാഗങ്ങൾ പ്രവർത്തിക്കുന്നതിനാൽ കൈമാറാൻ കഴിയില്ല എന്ന വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്.കൂടാതെ ആലത്തൂർ സബ് ട്രഷറിക്ക് ആലത്തൂർ ടൗൺ പരിസരത്ത് അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | ഓരോ അപേക്ഷയിന്മേലും നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഭൂമി കൈമാറ്റത്തിനായി ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ സബ് രജിസ്ട്രാർ ഓഫീസിനായി ഭൂമി കൈമാറ്റ അപേക്ഷയും ആലത്തൂർ സബ് ട്രഷറി ഓഫീസിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായുള്ള അപേക്ഷയും ലഭിച്ചിരുന്നു.<br><br>ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിന് പഴയ ആലത്തൂർ വില്ലേജ് ഓഫീസ് കെട്ടിടം നിലനിന്നിരുന്ന ഭൂമി ലഭ്യമാക്കാനാണ് അപേക്ഷ ലഭിച്ചത്.എന്നാൽ ടി കെട്ടിടം നിലവിൽ ആലത്തൂർ താലൂക്ക് ഓഫീസിന്റെ ഇലക്ഷൻ , സർവ്വേ വിഭാഗങ്ങൾ പ്രവർത്തിക്കുന്നതിനാൽ കൈമാറാൻ കഴിയില്ല എന്ന വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്.കൂടാതെ ആലത്തൂർ സബ് ട്രഷറിക്ക് ആലത്തൂർ ടൗൺ പരിസരത്ത് |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ